# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2649 — 20/06/2013 ൽ മറുപടിക്ക്

**സ്കൂൾ വിദ്യാർത്ഥികൾക്കായുളള സൗജന്യ ഭക്ഷണ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, എ. റ്റി. ജോർജ്<br>,, വി. റ്റി. ബൽറാം<br>,, ഷാഫി പറമ്പിൽ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായുളള സൗജന്യ ഭക്ഷണ വിതരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) | സ്കൂൾ ഉച്ചഭക്ഷണത്തിനാവശ്യമായ അരി മുൻകൂറായി വിതരണം ചെയ്യുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പിനുവേണ്ടി സ്കൂളുകൾക്ക് 2013 നവംബർ മാസം വരെ ആവശ്യമായി വരുന്ന തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | വർണ്ണം, ലിംഗം, ഉച്ചനീചത്വം എന്നീ വ്യത്യാസങ്ങളില്ലാതെ ആരോഗ്യപൂർണമായ ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് സ്കൂൾ ഉച്ചഭക്ഷണ പരിപാടി. കുട്ടികളുടെ പഠനത്തോടൊപ്പം ആരോഗ്യം മെച്ചപ്പെടുത്തുക, വിദ്യാഭ്യാസം സാർവത്രികമാക്കുക, പഠനത്തിൽ നിന്നും കൊഴിഞ്ഞുപോക്ക് ഒഴിവാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| സി) | ഏതെല്ലാം ഏജൻസികളാണ് | സി) | ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, കേരള |

| | | | |
|---|---|---|---|
| | ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | | സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ എന്നീ ഏജൻസികൾ ഇതുമായി സഹകരിക്കുന്നു. ഉച്ചഭക്ഷണത്തിന് കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരിഎഫ്.സി.ഐ) യിൽനിന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് മാവേലി സ്റ്റോറുകളിൽ എത്തിക്കുന്നു. വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ച് നൽകുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ അവിടെ നിന്നും ആവശ്യമായ അരി സ്കൂളുകൾക്ക് നൽകുന്നു. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ ? | ഡി) | സ്കൂൾ ഉച്ചഭക്ഷണത്തിനാവശ്യമായ അരി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐക്കും ടി അരി എഫ്.സി.ഐ യിൽനിന്നും ശേഖരിച്ച് മാവേലി സ്റ്റോറിൽ എത്തിക്കുന്നതിനു സിവിൽ സപ്ലൈസ് കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ അധികൃതർക്ക് ഓരോ മാസത്തേക്കും ആവശ്യമായ അരി മാവേലിസ്റ്റോറിൽ നിന്നും ലഭിക്കുന്നതിന് യഥാസമയം ഇന്റന്റ് പാസ്സാക്കി നൽകുന്നതിന് ബന്ധപ്പെട്ട എ.ഇ.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ